00
WD CLT
2025 ഡിസംബർ 20 ശനിയാഴ്ച
1201 ധനു 05 മൂലം 46½ അമാവാസി 1
1947 ആഗ്രഹായണം 29 • 1447 ജമാദുൽ ആഖിർ 29

മാതൃഭൂമി
സത്യം സമത്വം സ്വാതന്ത്ര്യം



*സ്വന്തമായ സ്വരമില്ലെങ്കിൽ എന്തിന് എഴുതണം*

*- കേറ്റ് അറ്റ്കിൻസൺ*

- *ഇംഗ്ലീഷ് എഴുത്തുകാരി*
- *കൃതികൾ : ബിഹൈൻഡ് ദ സീൻസ് അറ്റ് ദ മ്യൂസിയം, കേസ് ഹിസ്റ്ററീസ്*

# ആ അടിയേറ്റത് മലയാളിയുടെ ആത്മാഭിമാനത്തിന്

അടുത്തകാലത്തു കണ്ട ഏറ്റവും അശ്ലീലമായ കാഴ്ചകളിലൊന്നാണ് എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽനിന്ന് കഴിഞ്ഞദിവസം പുറത്തുവന്ന സിസി ടിവി ദൃശ്യം. പോലീസ് സ്റ്റേഷനിലേക്ക് വന്ന വീട്ടമ്മയെ ഇൻസ്പെക്ടർ നെഞ്ചിൽ പിടിച്ചുതള്ളുകയും കരണത്തടിക്കുകയും ചെയ്യുന്നതായിരുന്നു അത്. അല്പമെങ്കിലും മനുഷ്യത്വം അവശേഷിക്കുന്നവർക്ക് അസ്വസ്ഥതയോടെയല്ലാതെ ആ ദൃശ്യം കാണാനാവില്ല. എല്ലാമേഖലയിലും ഒന്നാംസ്ഥാനത്താണെന്ന് അഭിമാനിക്കുന്ന മലയാളിയുടെ ഊതിവീർപ്പിച്ച ആത്മാഭിമാനത്തിനും പുരോഗമനമുഖത്തിനും ഏറ്റ അടിതന്നെയാണത്. പ്രവർത്തനക്ഷമതയിൽ ലോകത്തുതന്നെ മികച്ചതെന്നറിയപ്പെടുന്ന സേനയാണ് കേരള പോലീസ്. സങ്കീർണമായ ഒട്ടേറെ കേസുകൾ വിദഗ്ധമായി അന്വേഷിച്ച് തെളിയിച്ച പാരമ്പര്യവുമുണ്ട്. എന്നാൽ, ആധുനികജനാധിപത്യസമൂഹത്തിൽ പ്രവർത്തിക്കുമ്പോൾ ഉണ്ടാകേണ്ട മര്യാദകൾ സേന മറക്കുന്നു. അതിന്റെ ഒട്ടേറെ ഉദാഹരണങ്ങൾ അടുത്തിടെ ഉണ്ടായി. പൊതുജനത്തോടുള്ള പോലീസിന്റെ ക്രൂരത ഇത് ആദ്യമായല്ല. താനൂരിൽ താമിർ ജിഫ്രി എന്ന യുവാവ് കസ്റ്റഡിയിൽ മർദനമേറ്റ് മരിച്ച കേസിന്റെ വിചാരണ ഇപ്പോഴും നടക്കുകയാണ്. പീച്ചി പോലീസ് സ്റ്റേഷനിൽ ഹോട്ടലുടമയെ സബ് ഇൻസ്പെക്ടർ മർദിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നിട്ട് മൂന്നുമാസമേ ആയിട്ടുള്ളൂ. പോലീസ് മർദനങ്ങളുടെ പട്ടിക തുടരുകയാണ്.

കാലം മാറിയിട്ടും പോലീസ് മാറിയിട്ടില്ല എന്നതാണ് ദുരന്തം. ജനമൈത്രി എന്നത് ഇപ്പോഴും പേരിൽമാത്രമേയുള്ളൂ. ആധുനികമായ പോലീസ് പരിശീലനപദ്ധതികൾ നമുക്കുണ്ടെങ്കിലും അതിനെ ഇനിയും ജനാധിപത്യവത്കരിച്ചിട്ടില്ല. പഴയ രാജാവിന്റെയും ജന്മിയുടെയും കീഴിലുള്ള ഗുണ്ടകളല്ല തങ്ങളെന്ന് അവരെ ബോധ്യപ്പെടുത്താൻ പരിശീലനങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ അത് വലിയ പരിമിതിയാണ്. പോലീസ് സ്റ്റേഷനിൽ വരുന്നവർ പ്രജകളല്ലെന്നും പൗരന്മാരാണെന്നും പോലീസുകാർക്ക് തോന്നുന്നില്ല. പൗരാവകാശത്തിന് പ്രാഥമിക പരിഗണനയുള്ള രാജ്യത്ത് അവരെ സേവിക്കുന്നവർമാത്രമാണ് തങ്ങളെന്ന് അവർക്ക് ബോധ്യപ്പെട്ടിട്ടില്ല. കൊളോണിയൽ കാലത്തെ പോലീസിങ് അല്ല ജനാധിപത്യകാലത്ത് വേണ്ടതെന്ന് അവരുടെ പരിശീലകരും തിരിച്ചറിയേണ്ട സമയം അതിക്രമിച്ചു.

**പീച്ചിയിൽ അതിക്രമം കാണിച്ച പോലീസുദ്യോഗസ്ഥന് ലഭിച്ചത് സസ്പെൻഷൻ മാത്രമാണ്. കുറ്റവാളികളിൽനിന്ന് കൈക്കൂലിവാങ്ങിയ ജയിൽ ഡിഐജിക്കും അതിലപ്പുറം ശിക്ഷയുണ്ടാകാൻ സാധ്യതയില്ല**

മുഖപ്രസംഗം കേൾക്കാൻ, ക്യു.ആർ.കോഡ് സ്കാൻ ചെയ്യുക
www.mathrubhumi.com/podcast/editorial

ജനങ്ങളുടെ വിശ്വാസത്തിന്റെയും പരസ്പരധാരണയുടെയുംമാത്രം അടിത്തറയിൽ പടുത്തുയർത്തിയതാണ് നീതിനിർവഹണസംവിധാനങ്ങളുടെ മകുടങ്ങൾ. ആ വിശ്വാസം നഷ്ടപ്പെട്ടാൽ പിന്നെയെല്ലാം വെറും സർക്കാരോഫീസുകൾ മാത്രം. വൈകിക്കിട്ടുന്ന നീതിപോലും അനീതിയായി പരിഗണിക്കപ്പെടുന്നത് ആ ഉത്തരവാദിത്വബോധത്തിന്റെ അടിസ്ഥാനത്തിലാണ്. കൊടുംകുറ്റവാളികളിൽനിന്നുപോലും പരോളിന് കൈക്കൂലിവാങ്ങുന്ന ഉന്നത പോലീസുദ്യോഗസ്ഥർ ഈ വിശ്വാസത്തെ തകർക്കുകയാണ് ചെയ്യുന്നത്. എറണാകുളത്തെ സംഭവത്തിന്റെ സിസി ടിവി ദൃശ്യം ലഭ്യമാകുന്നത് ഒരു വർഷം കഴിഞ്ഞിട്ടാണ്. ഈ സൈബർയുഗത്തിൽ നമ്മുടെ സംവിധാനങ്ങളുടെ സ്ഥിതിയാണിത്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇപ്പോൾ സിസിടിവി ഉള്ളതിനാൽ തങ്ങൾ കാണിക്കുന്ന അതിക്രമങ്ങൾ അതിൽ കാണുമെന്ന് ഉദ്യോഗസ്ഥർക്കറിയാം. എന്നിട്ടും ഇത്തരം തെമ്മാടിത്തരങ്ങൾ അവർ തുടരുന്നത് അതിരുകടന്ന ആത്മവിശ്വാസംമൂലമാണ്. തങ്ങൾ എന്തു കുറ്റം ചെയ്താലും ഡിപ്പാർട്ട്മെന്റ് സംരക്ഷിച്ചുകൊള്ളും എന്ന അഹന്തയ്ക്ക് അവസാനം വേണം.

പീച്ചിയിൽ അതിക്രമം കാണിച്ച പോലീസുദ്യോഗസ്ഥന് ലഭിച്ചത് സസ്പെൻഷൻ മാത്രമാണ്. കുറ്റവാളികളിൽനിന്ന് കൈക്കൂലിവാങ്ങിയ ജയിൽ ഡിഐജിക്കും അതിലപ്പുറം ശിക്ഷയുണ്ടാകാൻ സാധ്യതയില്ല. സസ്പെൻഷനോ സ്ഥലംമാറ്റമോ കൊണ്ടുമാത്രം ഇത്തരക്കാരെ നിലയ്ക്കുനിർത്താൻ കഴിയില്ല. കുറ്റവാസനയുള്ള 'കുട്ടൻപിള്ള' പോലീസുകാർ ഇന്നത്തെ പോലീസിൽ ആവശ്യമില്ല എന്ന് ഭരണസംവിധാനങ്ങൾ തീരുമാനിക്കണം. ഈ പുഴുക്കുത്തുകൾക്കിടയിലും പോലീസിൽ വഴിവിളക്കുകളായി കുറച്ചുപേരുണ്ട് എന്നത് പ്രതീക്ഷയേകുന്നു. കുഞ്ഞായിരിക്കുമ്പോൾ ബന്ധുക്കളെ നഷ്ടപ്പെട്ട തമിഴ് യുവതിക്ക് സ്വന്തം ഉത്തരവാദിത്വത്തിൽ മാസങ്ങളോളം അന്വേഷിച്ച് ബന്ധുക്കളെ കണ്ടെത്തിക്കൊടുത്ത കെ.ടി. നൗഷാദ് എന്ന പോലീസുകാരൻ അവരിലൊരാളാണ്. കരണത്തടിക്കുന്നതല്ല, കണ്ണീരൊപ്പുന്നതാണ് പോലീസിങ് എന്ന് പൂക്കോട്ടുംപാടത്തെ ഈ സിവിൽ പോലീസ് ഓഫീസർ കഴിഞ്ഞദിവസം തെളിയിച്ചു. മനുഷ്യത്വമുള്ള ഇത്തരം പോലീസുകാരെ സൃഷ്ടിക്കുന്നതാകണം പോലീസ് പരിശീലനം.

## ശനിരേഖ
ഗോപീകൃഷ്ണൻ




# പാർലമെന്റിലെവിടെ ജനാധിപത്യം?

**സുപ്രധാന തീരുമാനങ്ങളെടുക്കുന്ന ഒരു പരമാധികാര സ്ഥാപനമെന്ന നിലയിൽനിന്ന്, രാഷ്ട്രീയത്തിന്റെ പ്രഹസനവേദിയായി അധഃപതിച്ചിരിക്കുന്നു**



**പരഞ്ജോയ് ഗുഹ താക്കൂർതാ, ആയുഷ് ജോഷി**

വെള്ളിയാഴ്ച അവസാനിച്ച പാർലമെന്റിന്റെ ശൈത്യകാലസമ്മേളനം ചർച്ചകൾകൊണ്ടുമാത്രമല്ല ശ്രദ്ധേയമാകുന്നത്. രാജ്യത്തിന്റെ വ്യവസ്ഥാപിത ജനാധിപത്യകീഴ്‌വഴക്കങ്ങളെ തച്ചുടച്ചുകൊണ്ടുകൂടി അവിടം ശ്രദ്ധനേടിയിരിക്കുന്നു.

## ശ്വാസംമുട്ടി അകവും പുറവും

പാർലമെന്റിനകത്തേതുപോലെ ആശങ്കാജനകമായിരുന്നു പുറത്തെയും കാര്യങ്ങൾ. രാജ്യതലസ്ഥാനം വായുമലിനീകരണത്താൽ ശ്വാസംമുട്ടുമ്പോൾ, സഭയ്ക്കകം 'വേഗത്തിലുള്ള അജൻഡ'കളാൽ ശ്വാസംമുട്ടുകയായിരുന്നു. വായുമലിനീകരണം അടിയന്തരപ്രമേയത്തിലൂടെ ചർച്ചചെയ്യാനുള്ള പ്രതിപക്ഷശ്രമവും ഭരണപക്ഷം തള്ളി. ചുരുക്കത്തിൽ, സുപ്രധാനവിഷയങ്ങളിലൊന്നും സൂക്ഷ്മപരിശോധനയ്ക്കിടംകൊടുക്കാതെ, സഭാ അജൻഡകളിൽ മാത്രമൊതുങ്ങിയ സമ്മേളനകാലമായി ചുരുങ്ങിയിത്.

നിലവിലെ തൊഴിലുറപ്പുപദ്ധതിക്കുപകരം വിബി-ജി റാം ജി(വികസിത് ഭാരത് ഗാരന്റി ഫോർ റോസ്ഗർ ആൻഡ് അജീവിക് മിഷൻ) ബില്ലും 'ശാന്തി'(സസ്റ്റെയ്നബിൾ ഹാർസനിങ് ആൻഡ് അഡ്വാൻസ്മെന്റ് ഓഫ് ന്യൂക്ലിയർ എനർജി ഫോർ ട്രാൻസ്ഫോർമിങ് ഇന്ത്യ) ബില്ലും ശബ്ദവോട്ടുവഴി ലോക്‌സഭ കടന്നു. 12 മണിക്കൂറിൽത്താഴെ സമയത്തിനുള്ളിൽ സപ്ലിമെന്ററി ലിസ്റ്റിലൂടെയാണ് ഇരുബില്ലും സർക്കാർ സഭയിൽ അവതരിപ്പിച്ചത്, മാത്രമല്ല സെലക്ട്കമ്മിറ്റിക്ക് വിടണമെന്ന പ്രതിപക്ഷ ആവശ്യവും തള്ളി. ഫലമോ, സംവാദങ്ങൾക്കിടതടവില്ലാതെ സൂക്ഷ്മപരിശോധനകളില്ലാതെ 'നയങ്ങൾ' നടപ്പാക്കി.

## തൊഴിൽ ഉറപ്പിൽനിന്ന് ഒതുക്കലിലേക്ക്

തൊഴിലുറപ്പുപദ്ധതിയുടെ പേരുമാറ്റവും പുതിയ വ്യവസ്ഥകളും പദ്ധതിയെ 'അവകാശം' എന്ന തലക്കെട്ടിൽനിന്ന് 'ദൗത്യം' എന്ന തലത്തിലേക്കൊതുക്കി. കാർഷികവിളവെടുപ്പിന്റെ മൂർധന്യഘട്ടങ്ങളിൽ 60 ദിവസംവരെ മറ്റുജോലികൾ നൽകരുതെന്ന നിർദേശവും പുതിയ ബില്ലിലുണ്ട്. ഇത് തൊഴിലാളികളോടുള്ള അവകാശലംഘനമാണ്. ഇതിനുപുറമേ, പദ്ധതിയിലെ കേന്ദ്ര-സംസ്ഥാന വിഹിതം 90:10-ൽനിന്ന് 60:40 ആക്കിമാറ്റിയത് കേന്ദ്ര സർക്കാരിന്റെ 'സംസ്ഥാനങ്ങളെ ഞെരുക്കൽ' സമീപനത്തിന് ആക്കം കൂട്ടും. മഹാത്മാഗാന്ധിയുടെ പേരൊഴിവാക്കിയുള്ള പുതിയ ബില്ലിന്റെ പകർപ്പ് കീറിക്കളഞ്ഞാണ് പ്രതിപക്ഷം കഴിഞ്ഞദിവസം പ്രതിഷേധിച്ചത്. ഈപേരുമാറ്റം വർഗീയവത്കരണത്തിന്റെ മറുരൂപമാണെന്ന് വിമർശനങ്ങൾ ശക്തമാണ്. അതേസമയം, 2006-ലെ നിയമത്തിൽ ഗാന്ധിജിയുടെ പേരില്ലായെന്നും പിന്നീട് 2009-ൽ കൂട്ടിച്ചേർത്തതാണെന്നുമാണ് കേന്ദ്രകൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാന്റെ വാദം.

**നിയമനിർമാണസഭ എന്ന ഉദാത്തദൗത്യത്തിൽനിന്ന് ഇന്ത്യയുടെ പാർലമെന്റ്, 'നടപടികൾ പൂർത്തിയാക്കുക'യെന്ന കേവല ദൗത്യനിർവഹണത്തിലേക്ക് നിപതിച്ചിരിക്കുന്നു. വിവാദ നിയമബില്ലുകളെ നിഷ്കരുണം പാസാക്കിയും പ്രതിപക്ഷത്തെ പുച്ഛിച്ചും പാർലമെന്റിനെ ഒരു നോക്കുകുത്തിയാക്കി അധികാരികൾ മാറ്റി**




## ആണവോർജം ആരുടെ സംരക്ഷണം

1962-ലെ ആണവോർജനിയമം ഭേദഗതിവരുത്തിയാണ് 'ശാന്തി' ബിൽ. ഇന്ത്യയിലെ ആണവോർജ ഉത്പാദനരംഗത്തേക്ക് സ്വകാര്യകമ്പനികൾക്കും അനുമതി നൽകുന്നതാണിത്. 1984-ലെ ഭോപാൽദുരന്തത്തിനുശേഷം സ്ഥാപിതമായ 'വിതരണക്കാരന്റെ ബാധ്യത' എന്ന വ്യവസ്ഥയെ 'ശാന്തി' ദുർബലപ്പെടുത്തുന്നു. ആണവ അപകടമുണ്ടായാൽ നഷ്ടപരിഹാരബാധ്യത ആണവോർജ ഉത്പന്ന വിതരണക്കാർക്ക് ഒഴിവാക്കിനൽകുന്ന വ്യവസ്ഥയുമിതിലുണ്ട്. യുഎസിന്റെയും പാശ്ചാത്യശക്തികളുടെയും ഇടപെടലിലാണ് ഭേദഗതിയെന്ന വിമർശനമുണ്ട്. കൂടാതെ, വിവരാവകാശ നിയമപരിധിയിൽനിന്ന് സ്വകാര്യ ഓപ്പറേറ്റർമാരെ ഒഴിവാക്കുന്ന വ്യവസ്ഥയും 2010-ലെ ആണവബാധ്യതാനിയമം പിൻവലിച്ചതും അപകടകരമാണ്.



ബില്ലിലെ പതിനേഴാം വകുപ്പിലാണ് നഷ്ടപരിഹാരബാധ്യത എടുത്തുകളയുന്ന സുപ്രധാന ഭേദഗതിവരുത്തിയത്. വെസ്റ്റിങ്ഹൗസ്, ഇലക്ട്രിസിറ്റ് ഡി ഫ്രാൻസ് തുടങ്ങിയ വിദേശകമ്പനികളെ ഉത്പന്ന വിതരണത്തിന് ഇന്ത്യയിലേക്ക് ആകർഷിക്കാൻകൂടി ഇത് സഹായകമായേക്കും. ആണവ അപകടമുണ്ടായാൽ നഷ്ടപരിഹാരബാധ്യത ആണവോർജ ഉത്പന്ന വിതരണക്കാർക്ക് ഒഴിവാക്കിനൽകുകയും നഷ്ടപരിഹാരത്തിന്റെയും ശുചീകരണത്തിന്റെയും പങ്ക് ഇന്ത്യൻ നികുതിദായകർ വഹിക്കേണ്ടിയും വരുകയും ചെയ്യു.




ചുരുക്കിപ്പറഞ്ഞാൽ ആണവോർജബില്ല്, ശാന്തിബിൽ, ദുരന്തമുണ്ടായാൽ നൽകേണ്ട നഷ്ടപരിഹാരത്തിൽ നിന്ന് വിദേശ ഏജൻസികളെ പഴുതുകടത്തി രക്ഷപ്പെടുത്തുകയും നികുതിപ്പണത്തെ ആശ്രയിക്കുകയുംചെയ്യുന്ന വിചിത്രമായ സർക്കസായി ഭവിക്കുന്നു. ഇതിനുപുറമേ, ഇൻഷുറൻസ് മേഖലയിലെ നേരിട്ടുള്ള വിദേശനിക്ഷേപം 74-ൽനിന്ന് 100 ശതമാനമായി ഉയർത്തുന്ന സബ്കാ ബിമാ സബ്കി രക്ഷാ(ഇൻഷുറൻസ് നിയമഭേദഗതികൾ)ബില്ലും പാസായിട്ടുണ്ട്. അതിവേഗത്തിലാണ് നടപടികൾ പൂർത്തിയായി എതിർ ശബ്ദങ്ങൾക്കവസരമില്ലാതെ ബില്ലുകൾ സഭ കടന്നതെന്നോർക്കണം.

## ചരിത്രത്തിലെ വിചിത്രകാഴ്ച

രാജ്യം സുപ്രധാനതീരുമാനങ്ങളെ ചർച്ചയ്ക്കെടുക്കുമ്പോൾ, രണ്ട് മുഖങ്ങളുടെ അഭാവംകൊണ്ടുകൂടി ഈ പാർലമെന്റ് സമ്മേളനം ശ്രദ്ധനേടിയിട്ടുണ്ട്. പ്രധാനമന്ത്രി നരേന്ദ്രമോദിയും പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയും സഭയിലില്ലായിരുന്നുവെന്നത് ചരിത്രത്തിലെ 'വിചിത്ര'കാഴ്ചയായി മാറി.

'വിബി-ജി റാം ജി'യെക്കുറിച്ച് രാഹുൽ എക്സിൽ കുറിച്ചത്, 'ഗ്രാമവിരുദ്ധം' എന്നാണ്. ഈ സമയത്തെ അദ്ദേഹത്തിന്റെ അഭാവം പ്രതിപക്ഷത്തിന്റെ തന്ത്രപരമായ പാളിച്ചയായിത്തന്നെ വ്യാഖ്യാനിക്കണം.

## പ്രഹസനവേദിയായി അധഃപതിച്ചു

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യം എന്നറിയപ്പെടുന്ന രാജ്യത്തിന്റെ പാർലമെന്റ്, ചർച്ചകളിലൂടെയും സൂക്ഷ്മപരിശോധനകളിലൂടെയും സുപ്രധാന തീരുമാനങ്ങളെടുക്കുന്ന ഒരു പരമാധികാര സ്ഥാപനമെന്നനിലയിൽനിന്ന്, രാഷ്ട്രീയത്തിന്റെ പ്രഹസനവേദിയായി അധഃപതിച്ചിരിക്കുന്നു.

*പ്രമുഖ മാധ്യമപ്രവർത്തകനും ആക്ടിവിസ്റ്റും അധ്യാപകനും ഡോക്യുമെന്ററി ഫിലിം മേക്കറുമാണ് താക്കൂർതാ. ആയുഷ് സ്വതന്ത്ര പത്രപ്രവർത്തകനാണ്*

# തലമുറമാറ്റത്തിലെ രാഷ്ട്രീയം



## ഉള്ളതുപറഞ്ഞാൽ

**കെ.എ. ജോണി**

45 വയസ്സ് പ്രായമുള്ള ബിജെപിയുടെ (1980-ലാണ് ബിജെപി നിലവിൽ വന്നത്) തലപ്പത്തേക്ക് 45-കാരനായ നിതിൻ നബിൻ വരുമ്പോൾ അതിൽ കൗതുകക്കാഴ്ചയ്ക്കപ്പുറത്തേക്ക് നീളുന്ന രാഷ്ട്രീയസന്ദേശമുണ്ട്. ബിജെപിയുടെ വർക്കിങ് പ്രസിഡന്റായിട്ടാണ് നിതിൻ ചുമതലയേറ്റിരിക്കുന്നത്. നേരത്തേ ജെ.പി. നഡ്ഡയും വർക്കിങ് പ്രസിഡന്റായി പ്രവർത്തിച്ചിട്ടാണ് പ്രസിഡന്റ് സ്ഥാനത്തേക്കെത്തിയത്. മിക്കവാറും ജനുവരി അവസാനത്തോടെ നിതിൻ ബിജെപി പ്രസിഡന്റായി നിയോഗക്കപ്പെടുമെന്നാണ് സൂചന. അങ്ങനെ വന്നാൽ ബിജെപിയുടെ ചരിത്രത്തിലെ ഏറ്റവും ചെറുപ്പക്കാരനായ പ്രസിഡന്റാവും നിതിൻ. 2009-ൽ 52-ാം വയസ്സിൽ പ്രസിഡന്റായ നിതിൻ ഗഡ്കരിക്കായിരുന്നു ഇതുവരെ ഈ നേട്ടം.

## കോൺഗ്രസിന്റെ ഇടർച്ചകൾ

തലമുറമാറ്റം എന്നാണ് നിതിന്റെ വരവ് വിശേഷിപ്പിക്കപ്പെടുന്നത്. ഭാവിയെക്കുറിച്ച് കൃത്യമായൊരു ദർശനവും പദ്ധതിയുമുണ്ടെന്നുമാത്രമല്ല അതെപ്പോൾ എങ്ങനെ നടപ്പാക്കണമെന്നും ബിജെപിക്കറിയാം. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലിനെ മാറ്റിനിർത്തിയാൽ മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവിസ് അടക്കമുള്ള മുഖ്യമന്ത്രിമാർ എല്ലാവരും തന്നെ 60 വയസ്സിൽ താഴെയുള്ളവരാണ്. ഈ നേതാക്കളുടെ ശ്രേണിയിലേക്കാണ് നിതിനും വരുന്നത്. അടുത്ത 25 കൊല്ലത്തേക്കെങ്കിലും ബിജെപിയെ നയിക്കാനുള്ള നേതൃനിര സജ്ജമാണിപ്പോൾ. കോൺഗ്രസും ബിജെപിയും തമ്മിലുള്ള കാതലായ വ്യത്യാസങ്ങളിലൊന്ന് ഇവിടെയാണ്. രാജസ്ഥാനിൽ അശോക് ഗെഹ്‌ലോട്ടിനെ മാറ്റേണ്ട സമയത്ത് മാറ്റി സച്ചിൻ പൈലറ്റിനെ കൊണ്ടുവരാൻ കോൺഗ്രസിനായില്ല. പഞ്ചാബിൽ അമരീന്ദർ സിങ്ങിനെ മാറ്റുന്നതിലും കോൺഗ്രസിന് പിഴച്ചു. നേരത്തേ ആന്ധ്രയിൽ വൈ.എസ്. രാജശേഖർ റെഡ്ഡിയുടെ മകൻ ജഗൻമോഹനെ ഉൾക്കൊള്ളാൻ കോൺഗ്രസിനായിരുന്നെങ്കിൽ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ചരിത്രം തന്നെ മറ്റൊന്നാവുമായിരുന്നു. കർണാടകത്തിൽ സിദ്ധരാമയ്യയ്ക്കും ശിവകുമാറിനും ഇടയിൽ കോൺഗ്രസ് ഇപ്പോഴും ഞെരുങ്ങുകയാണ്. സ്വന്തം തലവര, എഴുതേണ്ട സമയത്ത് എഴുതേണ്ടതെങ്ങനെയെന്ന് കോൺഗ്രസ് ബിജെപിയെ കണ്ട് പഠിക്കണം. 2022-ൽ മല്ലികാർജുൻ ഖാർഗെ എന്ന 80-കാരനെ പ്രസിഡന്റാക്കുമ്പോൾ ഭാവിയുടെ ഉൾപ്പിരിവുകളല്ല ഗാന്ധി കുടുംബത്തിന്റെ അരക്ഷിതാവസ്ഥയായിരുന്നു കോൺഗ്രസിനെ നയിച്ചത്.

ബിഹാറിനുപുറത്ത് അറിയപ്പെട്ടിരുന്നില്ലെങ്കിലും നിതിനെ ബിജെപി നേതൃത്വം നേരത്തേതന്നെ ശ്രദ്ധിച്ചിരുന്നു. ഈ ചെറിയ പ്രായത്തിനുള്ളിൽ അഞ്ചുതവണ എംഎൽഎ. നിലവിൽ ബിഹാറിൽ പൊതുമരാമത്ത് മന്ത്രി. ഛത്തീസ്ഗഢ് നിയമസഭാ - ലോക്‌സഭാ തിരഞ്ഞെടുപ്പുകളിൽ നിതിനായിരുന്നു ബിജെപിയുടെ ചുമതല. ഭൂപേഷ് ബഘേൽ അധികാരം നിലനിർത്തും എന്ന് കരുതിയിരുന്നിടത്താണ് ബിജെപി അപ്രതീക്ഷിത വിജയം കൊയ്തത്. തുടർന്ന് ലോക്‌സഭാ തിരഞ്ഞെടുപ്പിൽ 11-ൽ പത്ത് സീറ്റും ബിജെപി സ്വന്തമാക്കി. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിലും അടിത്തട്ടിൽ നിതിന്റെ പ്രവർത്തനം ഫലമുണ്ടാക്കി. പിതാവ് നബിൻ കിഷോർ സിൻഹയുടെ അകാല മരണമാണ് നിതിനെ രാഷ്ട്രീയത്തിലേക്കു കൊണ്ടുവന്നത്. യുവമോർച്ചയിലും ബിജെപിയിലും പ്രവർത്തിച്ചതിലൂടെ ആർജിച്ച സംഘടനാ മികവും കഴിഞ്ഞ അഞ്ച് കൊല്ലം മന്ത്രിയായിരുന്നതിന്റെ ഭരണപരമായ അനുഭവസമ്പത്തും നിതിനുണ്ട്.

## സ്വാംശീകരണവും ഉന്മൂലനവും

ബിജെപിയുടെ ആദിരൂപമായ ജനസംഘത്തിന്റെ ശില്പി ശ്യാമപ്രസാദ് മുഖർജിക്ക് 1953 ജൂൺ 23-ന് ജമ്മു-കശ്മീരിലെ ജയിലിൽ മരിക്കുമ്പോൾ 51 വയസ്സായിരുന്നു പ്രായം. ഭാരതീയ ജനസംഘം സ്ഥാപിച്ചിട്ട് അപ്പോൾ രണ്ടുകൊല്ലം തികഞ്ഞിട്ടുണ്ടായിരുന്നില്ല. 1952-ലെ പൊതുതിരഞ്ഞെടുപ്പിൽ ജനസംഘത്തിന് മൂന്ന് സീറ്റുകളിൽ മാത്രമാണ് വിജയിക്കാനായത്. 1980-ൽ ജനസംഘം ബിജെപിയായി പരിണമിച്ചപ്പോൾ അതിന്റെ സുപ്രധാന നേതാക്കൾ വാജ്പേയിയും അദ്വാനിയുമായിരുന്നു. നാലു വർഷത്തിനപ്പുറമായിരുന്നു ബിജെപിയുടെ ആദ്യ തിരഞ്ഞെടുപ്പ് പോരാട്ടം 7.74 ശതമാനം വോട്ടും രണ്ട് സീറ്റുമായിരുന്നു അന്ന് ബിജെപിയുടെ ബാക്കിപത്രം. ഇന്നിപ്പോൾ 14 കോടി അംഗങ്ങളുള്ള ബിജെപി ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രീയപ്പാർട്ടിയാണെന്നാണ് നഡ്ഡ അവകാശപ്പെടുന്നത്. 240 എംപിമാരും 1500 എംഎൽഎമാരുമുള്ള ബിജെപിക്ക് 13 സംസ്ഥാനങ്ങളിൽ സ്വന്തം മുഖ്യമന്ത്രിയുണ്ട് (കേന്ദ്ര ഭരണ പ്രദേശമായ ഡൽഹി കൂടി ചേർത്താൽ 14) സഖ്യകക്ഷികളുമായിച്ചേർന്ന് മറ്റ് ആറിടങ്ങളിലും ബിജെപി അധികാരത്തിലുണ്ട്.



**മൂന്നുകൊല്ലംമുൻപ് ഖാർഗെയും തരൂരും പ്രസിഡന്റ് സ്ഥാനത്തിനായി പൊരുതിയതു പോലൊരു ചിത്രം ബിജെപിക്കുള്ളിൽ അടുത്ത കാലത്തെങ്ങും പ്രതീക്ഷിക്കേണ്ടതില്ല**

ആർനോൾഡ് ടോയൻബി മറ്റൊരു ചരിത്രസന്ദർഭത്തിൽ നിരീക്ഷിച്ചതുപോലെ 'Absorb, Assimilate, Annihilate'( ഉൾക്കൊള്ളുക, സ്വാംശീകരിക്കുക, ഉന്മൂലനം ചെയ്യുക) എന്ന പദ്ധതിയിലൂന്നിയാണ് ഇന്ത്യയുടെ ഭാഗധേയം നിർണയിക്കുന്ന ശക്തിയായി ബിജെപി വളർന്നതും പരിണമിച്ചതും. സ്വന്തം നിലയ്ക്ക് വളരാൻ ഇടമില്ലാതിരുന്ന പ്രദേശങ്ങളിൽ സഖ്യകക്ഷികളെ കൂടെക്കൂട്ടി അവരുടെ ചെലവിൽ വളർന്നു.

ഇന്ത്യയുടെ കിഴക്കൻ സംസ്ഥാനങ്ങളിൽ ബിജെപിയുടെ വേരോട്ടം കൂടുതൽ ആഴത്തിലാക്കുക എന്ന അജൻഡയ്ക്കാവും നിതിന്റെ പ്രഥമ പരിഗണന. അടുത്തുതന്നെ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ബംഗാൾ, അസം, തമിഴ്നാട് , കേരളം, പുതുച്ചേരി എന്നിവിടങ്ങളിലാവും സവിശേഷ ശ്രദ്ധ. ബംഗാൾ എത്രയോ കാലമായി ബിജെപി ലക്ഷ്യമിടുന്നുണ്ട്. ജനസംഘം സ്ഥാപകനായ ശ്യാമപ്രസാദ് മുഖർജിയുടെ നാട്ടിൽ അധികാരം പിടിക്കണമെന്നത് ബിജെപിയുടെ ചിരകാല മോഹമാണ്.

ഉൾപ്പാർട്ടി ജനാധിപത്യം ബിജെപിയിൽ മരീചികയാകുന്നു എന്നതിന് നിതിന്റെ ആരോഹണവും അടിവരയിടുന്നു. കേരളത്തിൽ രാജീവ് ചന്ദ്രശേഖറും ഉത്തർപ്രദേശിൽ പങ്കജ് ചൗധരിയും തമിഴകത്ത് നൈനാർ നാഗേന്ദ്രനും ഇപ്പോൾ നിതിനുമടക്കമുള്ളവർ ഒരു മത്സരവുമില്ലാതെയാണ് പാർട്ടിയുടെ തലപ്പത്തേക്ക് വരുന്നത്. കാലാവധി കഴിഞ്ഞിട്ടും അധ്യക്ഷനായി നഡ്ഡ തുടർന്നതും ഇതേ രീതിയിലാണ്.

മോദിയും അമിത് ഷായുമാണ് ബിജെപിയുടെ ജനാധിപത്യത്തിന്റെ ആൽഫയും ഒമേഗയും. മൂന്നുകൊല്ലംമുൻപ് ഖാർഗെയും തരൂരും പ്രസിഡന്റ് സ്ഥാനത്തിനായി പൊരുതിയതു പോലൊരു ചിത്രം ബിജെപിക്കുള്ളിൽ അടുത്തകാലത്തെങ്ങും പ്രതീക്ഷിക്കേണ്ടതില്ല.

## കേട്ടതും കേൾക്കേണ്ടതും



വേടൻ വന്നപ്പോൾ ശുദ്ധസംഗീതം ഇല്ലാതാക്കി എന്നത് കൂടുതലും കമന്റ് ബോക്സുകളിലാണ് കാണാറുള്ളത്. അത് ഞാൻ കാര്യമാക്കാറില്ല. ഞാൻ എന്റെ സംഗീതമാണ് ചെയ്യുന്നത്. അത് കേൾക്കാൻ ആളുകളുമുണ്ട്. ലോകത്ത് പുണ്യമായ ഒന്നും ഇല്ല എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. സംഗീതത്തിനും പുണ്യമായ ഒന്നുമില്ല. നമ്മുടെ വികാരങ്ങളുടെ പ്രകടനമാണ് സംഗീതം. നമ്മുടെ അനുഭവങ്ങളുടെ തുറന്നുകാട്ടലാണ് എനിക്ക് സംഗീതം.

● **വേടൻ**

കാർട്ടൂണിനോടും പാരഡിഗാനങ്ങളോടും ഇത്രമാത്രം അസഹിഷ്ണുതപുലർത്തുന്നത് വല്ലാത്ത കഷ്ടമാണ്. ഭരണാധികാരിക്ക് നർമബോധമില്ലെങ്കിൽ എന്താ ചെയ്യുക. ഇങ്ങനെ പോയാൽ നർമബോധമില്ലാത്ത ഭരണകൂടം എന്ന് പിൽക്കാലത്തു പരിഹസിക്കപ്പെടുമെന്നുറപ്പാണ്.

● **കൽപ്പറ്റ നാരായണൻ**

ശരിയായതും തെറ്റായതുമായ കാര്യങ്ങൾ കാൾ മാർക്സ് പറഞ്ഞിട്ടുണ്ട്. സംഭാവന പിരിക്കാൻ പാടില്ലെന്നാണ് മാർക്സ് പറഞ്ഞിട്ടുള്ളത്. അക്കാലത്ത് ഒരു ഇടത്തരം കുടുംബത്തിൽ പിറന്ന അദ്ദേഹത്തിന്റെ മനോഭാവമാണത്. 'നടന്നു തെണ്ടൽ' വേണ്ടെന്നാണ് ഇതുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ അഭിപ്രായം.

● **എം.എ. ബേബി**

തിരുവനന്തപുരത്ത് നടക്കുന്ന ഐഎഫ്എഫ്കെയിൽ സ്പാനിഷ് ചിത്രമായ ബീഫിന് (റുയ്ഡോ) കേന്ദ്രസർക്കാർ വിലക്കേർപ്പെടുത്തിയതുകണ്ട് തമാശ തോന്നി. ബീഫ് വിത്ത്, ഒച്ചപ്പാടുണ്ടാക്കുക എന്നാണത് അർഥമാക്കുന്നതെന്ന് അവർക്കു മനസ്സിലായില്ല. അറിവില്ലായ്മയാണ് അധികാരികളെ നയിക്കുന്നത്.

ഒരിക്കൽ പാർലമെന്റിൽ ജെഎൻയു ചർച്ച ഉയർന്നപ്പോൾ വെങ്കയ്യ നായിഡു അവരിറക്കിയ ദേശവിരുദ്ധ പാംലെറ്റ് കണ്ടിരുന്നോ എന്നു ചോദിച്ചു. കൺട്രി വിത്തൗട്ട് പോസ്റ്റ് ഓഫീസ് എന്നായിരുന്നു അതിന്റെ ശീർഷകം. വിലാസമില്ലാത്ത രാജ്യമാണ് ഇന്ത്യ എന്നാണദ്ദേഹമതിനെ ധരിച്ചത്. സത്യത്തിൽ ആഗ ഷാഹിദ് അലിയുടെ കാവ്യസമാഹാരത്തിന്റെ പേരായിരുന്നു അത്.
പണ്ട് അടിയന്തരാവസ്ഥക്കാലത്ത് കോളേജിൽ ബെർതോൾഡ് ബ്രഹ്ത്തിന്റെ കവിത പാടി നടന്നതു തടയാൻവന്ന പോലീസുകാർ ആരാണവൻ എന്നു ചോദിച്ചത്രേ. മട്ടാഞ്ചേരിക്കാരനാണ് എന്ന മറുപടി കിട്ടയപ്പോൾ അവിടെപ്പോയി പോലീസ് തപ്പി എന്നാണ് കഥ.

● **എം.ബി. രാജേഷ്**

